**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3390** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ നഗരസഞ്ചയ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ ആറാം വാർഡിൽ പതിനെട്ടോളം എസ്.സി. കുടുംബങ്ങൾ താമസിക്കുന്ന സ്ഥലത്തേയ്ക്കുള്ള പുറമണ്ണൂർ മില്ലുമ്പടി-വട്ടപ്പറമ്പ് റോഡിനെ നഗരസഞ്ചയ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധീകരിച്ച് പൂർത്തിയാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിൽ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ വട്ടപ്പറമ്പ് എസ്.സി. കോളനി നിവാസികളുടെയും പുറമണ്ണൂർ ഭാഗത്തിന്റെയും ഇടയ്ക്ക് സ്ഥിതി ചെയ്യുന്ന പാടശേഖരങ്ങൾക്ക് ജലസേചനത്തിനായി ഉപയോഗിക്കുന്ന തോട്ടിലാക്കൽ കുണ്ട് തോടിന്റെ സംരക്ഷണത്തിനും, വട്ടപ്പറമ്പ് കോളനി നിവാസികൾക്ക് മെയിൻ റോഡിൽ എത്താൻ പാടശേഖരം മുറിച്ചുകടക്കുന്നതിന് വേണ്ടിയും വിഭാവനം ചെയ്ത പ്രോജക്ട് വട്ടപ്പറമ്പ് തോട്ടിലാക്കൽ കുണ്ട് അതിർത്തി തോട് - ഇരിമ്പിളിയം എന്ന പ്രവൃത്തി നഗരസഞ്ചയം പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്നുണ്ട്. പദ്ധതി പൂർത്തിയാകാൻ 250 മീറ്റർ ബോക്സ് കൾവർട്ട് നിർമ്മിക്കേണ്ടതായുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം മേൽ പ്രവൃത്തിക്ക് 85 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. അതുപ്രകാരം 84.5 മീറ്റർ നീളത്തിൽ എസ്റ്റിമേറ്റ് ചെയ്ത പദ്ധതിയിൽ 19.5 മീറ്റർ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. തുടർ പ്രവൃത്തി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ